**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1608** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹോർട്ടികോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | 1) കേരളത്തിലെ കർഷകരിൽ നിന്നും കൂടുതൽ പഴം, പച്ചക്കറികൾ സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി നിലവിൽ ഹോർട്ടികോർപ്പിന് സംഭരണ കേന്ദ്രം ഇല്ലാത്ത കാസർഗോഡ് ജില്ലയിൽ ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2) ഹോർട്ടികോർപ്പിന്റെ വിൽപ്പന കേന്ദ്രങ്ങൾ പുതിയതായി തുടങ്ങുവാനും നിലവിലെ ജില്ലാ സംഭരണ കേന്ദ്രങ്ങൾ വിപുലപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു. 3) ഹോർട്ടികോർപ്പിന്റെ കീഴിലുള്ള തേനീച്ച വളർത്തൽ കേന്ദ്രത്തിൽ കർഷകർക്ക് തേനീച്ചയെക്കുറിച്ച് കൂടുതൽ അറിയുവാനായി തേനീച്ച മ്യൂസിയം സ്ഥാപിക്കുവാനുള്ള നടപടികൾ തുടർന്നു വരുന്നു. 4) ചേർത്തലയിൽ തേനീച്ച വളർത്തലുമായി ബന്ധപ്പെട്ട് ആവശ്യമായുള്ള ഉപകരണങ്ങളുടെ ഉൽപ്പാദന യൂണിറ്റും തേനീച്ച ഉൽപ്പാദന യൂണിറ്റും സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. 5) കേരളത്തിലെ 13 ജില്ലകളിലെ ടൂറിസം കേന്ദ്രങ്ങളിൽ ഹോർട്ടികോർപ്പിന്റെ ഹണി പാർലർ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ഹോർട്ടികോർപ്പിന്റെ വിപണനത്തിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. ഓൺലൈൻ മാർക്കറ്റിംഗ് ഏജൻസികളുടെ സഹായത്തോടു കൂടി പഴം പച്ചക്കറികൾ, തേൻ, കട്ട് വെജിറ്റബിൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രവർത്തനരഹിതമായ കെ.എസ്.ആർ.ടി.സി ബസ്സുകളിൽ ഹോർട്ടികോർപ്പിന്റെ വിപണനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടി പരിഗണനയിൽ ഉണ്ടോ; | (സി) | ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ കിഴക്കേകോട്ട, കണിയാപുരം എന്നീ കെ.എസ്.ആർ.ടിസിയുടെ ഡിപ്പോകളിൽ ഹോർട്ടികോർപ്പിന്റെ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രസ്തുത ബസ്സ് |

| | | | |
|---|---|---|---|
| | | | ഡിപ്പോയിലെ വിപണനശാലകളുടെ പണി പുരോഗമിക്കുകയാണ്. |
| (ഡി) | കർഷകരിൽ നിന്ന് സംഭരിക്കുന്ന ഉൽപന്നങ്ങളിൽ നിന്നും മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ഹോർട്ടികോർപ്പ് എന്തെങ്കിലും നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട് കർഷകരിൽ നിന്നും സംഭരിക്കുന്ന ഉൽപ്പന്നങ്ങളിൽ നിന്നും കട്ട് വെജിറ്റബിൾ, ചിപ്സ്, വാട്ടുകപ്പ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ